**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1110** **31-01-2024 - ൽ മറുപടിയ്ക്ക്**

**ജലവിതരണ തടസ്സം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. പി. അബ്ദുൽ ഹമീദ്** | | **ശ്രീ. റോഷി അഗസ്റ്റിൻ (ജലവിഭവ വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് വാട്ടർ അതോറിറ്റിയുടെ പമ്പുകൾ മറ്റു അനുബന്ധ സാമഗ്രികൾ എന്നിവയുടെ കാലപഴക്കം കാരണം ശുദ്ധജല വിതരണം തുടർച്ചയായി മുടങ്ങുന്ന ഹോട്ട് സ്പോട്ടുകൾ എത്രയെണ്ണമുണ്ട്; ജില്ലാ അടിസ്ഥാനത്തിൽ വിശദാംശങ്ങൾ ലഭ്യമാക്കാമോ; | (എ) | വിശദാംശങ്ങൾ അനുബന്ധം 1 മായി ചേർക്കുന്നു. |
| (ബി) | ഗ്രാമപഞ്ചായത്ത് മേഖകളിൽ പ്രത്യേകിച്ചും ഉയരം കൂടിയ സ്ഥലങ്ങളിൽ കാലപഴക്കം വന്ന പമ്പുകളും, മോട്ടോറുകളും ഉപയോഗിക്കുന്നത് കാരണം വെള്ളം ലഭിക്കാത്ത അവസ്ഥയ്ക്ക് പരിഹാരം കാണുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് അറിയിക്കുമോ; | (ബി) | ഗ്രാമപഞ്ചായത്ത് മേഖലകളിൽ വെള്ളം ലഭിക്കാത്ത അവസ്ഥ പരിഹരിക്കുന്നതിനായി ടി ഗ്രാമപഞ്ചായത്തുകൾ കുടിവെള്ള ടാങ്കറുകൾ ക്രമീകരിക്കുന്ന മുറയ്ക്ക് പമ്പ് ഹൗസുകളിൽ നിന്നും കുടിവെള്ളം വിതരണം ചെയ്തു പരിഹരിക്കുന്നതാണ്. കാലപ്പഴക്കം ചെന്ന പമ്പുകളും മോട്ടോറുകളും മാറ്റി സ്ഥാപിക്കുന്നതിന് സ്റ്റേറ്റ് പ്ലാനിൽ ഉൾപ്പെടുത്തി പ്രസ്തുത പമ്പ്സെറ്റ് മാറ്റി സ്ഥാപിക്കുകയും ചെയ്യുന്നു.<br><br>പമ്പ് സെറ്റുകൾ തകരാറിലായാൽ ഉടൻ തന്നെ അറ്റകുറ്റ പണികൾ നടത്തുകയും ഉയർന്ന പ്രദേശങ്ങൾക്ക് കുടിവെള്ളം എത്തിക്കുന്നതിന് വിതരണ പൈപ്പുകളിൽ വാൽവ് സംവിധാനം വെച്ച് നിയന്ത്രിച്ചും കുടിവെള്ള വിതരണം കാര്യക്ഷമമാക്കുന്നു. കൂടാതെ ജൽ ജീവൻ മിഷൻ പദ്ധതിയിൽ ഉൾപ്പെടുത്തി കേരള വാട്ടർ അതോറിറ്റിയുടെ കീഴിലുള്ള വിവിധ കുടിവെള്ള പദ്ധതികളുടെ ഭാഗമായി പുതിയ മോട്ടോർ പമ്പ് സെറ്റുകൾ, പമ്പിങ് മെയിൻ എന്നിവ സ്ഥാപിക്കുന്ന പ്രവൃത്തി നടപ്പിലാക്കി വരുന്നുണ്ട്.<br><br>ഗ്രാമ പഞ്ചായത്ത് മേഖലകളിൽ അതികഠിന വേനൽകാലത്തു സ്രോതസ്സുകളിലെ ജല ലഭ്യത കുറയുന്നതും, ജല ഉപയോഗം വളരെ അധികം കൂടുകയും ചെയ്യുന്ന സമയങ്ങളിൽ ഉയരം കൂടിയ പ്രദേശങ്ങളിൽ ജലം ലഭ്യമാക്കുന്നതിന് തടസ്സം നേരിടാറുണ്ട്. ലീക്കുകളും മറ്റും യഥാസമയം |

| | | | |
|---|---|---|---|
| | | | പരിഹരിച്ചും വാൽവുകളുടെ മുൻകൂട്ടി തയ്യാറാക്കിയ രീതിയിലെ ക്രമീകരണത്തിലൂടെയും പ്രസ്തുത പ്രശ്നം പരിഹരിക്കാൻ സാധിക്കുന്നു. കൂടാതെ ഗ്രാമീണ മേഖലകളിൽ ജല ലഭ്യത ഉറപ്പ് വരുത്തുന്നതിനായി ജല ജീവൻ മിഷൻ പദ്ധതികളും നടപ്പിലാക്കി വരുന്നു. |
| (സി) | സംസ്ഥാനത്ത് ഇത്തരത്തിൽ ജല ദൗർലഭ്യം നേരിടുന്ന സ്ഥലങ്ങളുടെ പട്ടികയുണ്ടോ; എങ്കിൽ ജില്ലാ അടിസ്ഥാനത്തിൽ വിശദാംശം ലഭ്യമാക്കാമോ; | (സി) | ജില്ല അടിസ്ഥാനത്തിലുള്ള വിശദ വിവരം അനുബന്ധം 2 ആയി ചേർക്കുന്നു. |
| (ഡി) | മീറ്റർ മാസവാടക അടക്കമുള്ളവ കൃത്യമായി പിരിക്കുകയും, വെള്ളത്തിന്റെ ചാർജ് ഇരട്ടിയിലധികം വർദ്ധിപ്പിക്കുകയും ചെയ്യുന്ന സാഹചര്യത്തിൽ വേനൽ സമയങ്ങളിലടക്കം ജലവിതരണം ഇത്തരത്തിൽ ദിവസങ്ങളോളം മുടങ്ങുന്ന സാഹചര്യം ഒഴിവാക്കുവാൻ എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കാമോ; | (ഡി) | സംസ്ഥാനത്ത് വേനൽക്കാലത്ത് ഉണ്ടാകാൻ സാധ്യതയുള്ള കുടിവെള്ള ക്ഷാമം പരിഹരിക്കുന്നതിനുവേണ്ടി ജലസംരക്ഷണത്തിനും ജലത്തിന്റെ ശാസ്ത്രീയമായ വിനിയോഗത്തിനും താഴെ പറയുന്ന നടപടികൾ അടിയന്തിരമായി ചെയ്തു വരുന്നു.<br><br>ജലലഭ്യതക്കുറവ് വരാൻ സാധ്യതയുള്ള കുടിവെള്ള പദ്ധതികളുട ഇൻ-ടേക്ക് പോയിന്റിന് സമീപം താൽക്കാലിക തടയണ നിർമ്മിക്കൽ, നീർച്ചാലുകൾ നിർമ്മിക്കൽ, ഗ്യാലറി വൃത്തിയാക്കൽ.<br><br>ജലസേചന വകുപ്പ്, വൈദ്യുതി ബോർഡ് എന്നിവയുമായി സഹകരിച്ച് അണക്കെട്ടുകളിലെ ജലം കുടിവെള്ള ആവശ്യത്തിനായി കരുതൽ ശേഖരമായി സൂക്ഷിക്കുക.<br><br>ജലലഭ്യതയുള്ള സ്ഥലങ്ങളിൽ പൈപ്പ് ലൈനുകൾ ദീർഘിപ്പിച്ച് ജലം എത്തിക്കാനുള്ള നടപടികൾ സ്വീകരിക്കുക.<br><br>വാട്ടർ അതോറിറ്റിയുടെ കിണറുകളിലെ ചെളിയും മണ്ണും നീക്കം ചെയ്ത് പമ്പിങ് സ്റ്റേഷനുകളിൽ ജലലഭ്യത ഉറപ്പുവരുത്തുക.<br><br>ജലശുദ്ധീകരണ ശാലകളുടെ സ്ഥാപിത ശേഷി പൂർണമായും ഉപയോഗപ്പെടുത്തുക.<br><br>ലഭ്യമായ ജലം കഴിയുന്നതും തുല്യമായി വിതരണം ചെയ്യുവാൻ ആവശ്യമായ വാൽവ് ക്രമീകരണങ്ങൾ നടത്തുക.<br><br>അടിയന്തിര സാഹചര്യങ്ങളിൽ റവന്യൂ തദ്ദേശസ്വയംഭരണ വകുപ്പുകളുടെ സഹകരണത്തോടെ ടാങ്കർ ലോറിയിൽ ജലവിതരണം ഏർപ്പെടുത്തി കുടിവെള്ള ക്ഷാമം പരിഹരിക്കുക. |

| | | | |
|---|---|---|---|
| (ഇ) | നഗരസഭകളിൽ ശുദ്ധജലം വിതരണം ചെയ്യുന്ന മാതൃകയിൽ ഗ്രാമപഞ്ചായത്ത് മേഖലകളിൽ വാട്ടർ അതോറിറ്റിയുടെ കുടിവെള്ള വിതരണത്തിന് എന്തെല്ലാം സംവിധാനങ്ങൾ നിലവിലുണ്ടെന്ന് അറിയിക്കുമോ; | (ഇ) | നഗരസഭകളിൽ ശുദ്ധജലം വിതരണം ചെയ്യുന്ന മാതൃകയിൽ തന്നെയാണ് ഗ്രാമപഞ്ചായത്ത് മേഖലകളിൽ കുടിവെള്ള വിതരണം നടത്താറുള്ളത്. എന്നാൽ നിലവിൽ WTP ഇല്ലാത്ത ചെറുകിട സ്കീമുകൾ ഉള്ള പഞ്ചായത്തുകളിൽ JJM ൽ ഉൾപ്പെടുത്തി കിണർ, ശുദ്ധീകരണശാല ഉൾപ്പെടെയുള്ള ഘടകങ്ങൾ ഉൾകൊള്ളിച്ച് ജലവിതരണം മെച്ചപ്പെടുത്താനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു. വേനൽകാലത്ത് പഞ്ചായത്ത് ആവശ്യപ്പെടുന്ന മുറയ്ക്ക് ടാങ്കർ ലോറി വഴി വെള്ളം എത്തിക്കുകയും വിവിധ ജല ശുദ്ധീകരണശാലകളിൽ വെന്റിംഗ് പോയിന്റുകൾ സജ്ജമാക്കിയും ശുദ്ധജലം നൽകി വരുന്നു. |
| (എഫ്) | ഇതിനായി ജലത്തിന് നൽകേണ്ട ചാർജ്, ടാങ്കർ ബുക്ക് ചെയ്യുന്ന രീതി എന്നിവ അടക്കമുള്ള വിശദാംശങ്ങൾ ലഭ്യമാക്കാമോ? | (എഫ്) | ഫുഡ്സേഫ്റ്റി അതോറിറ്റി ഓഫ് ഇന്ത്യ നിഷ്കർഷിച്ചിട്ടുള്ള മാനദണ്ഡങ്ങൾ പാലിച്ച് സാധുവായ ഫുഡ്സേഫ്റ്റി സർട്ടിഫിക്കറ്റ് നൽകുന്ന ടാങ്കറുകൾക്ക് മാത്രമാണ് നിലവിൽ ശുദ്ധജലം നൽകിവരുന്നത്. കുടിവെള്ളത്തിന്റെ ആവശ്യകത അറിയിച്ച് കൊണ്ട് വിവിധ സ്ഥാപനങ്ങൾ/ വ്യക്തികൾ ജലത്തിന്റെ അളവും, ടാങ്കർ ലോറിയുടെ വിവരങ്ങളും അടങ്ങിയ അപേക്ഷകൾ സമർപ്പിക്കുന്നു. മേൽപ്പറഞ്ഞ മാനദണ്ഡങ്ങൾ പരിശോധിച്ച് ഉറപ്പുവരുത്തിയശേഷം കുടിവെള്ളം കിലോലിറ്ററിനു (1000L) 76.15/- രൂപ നിരക്കിൽ പണമടച്ച് ഓഫീസ് സീലും തീയതിയും പതിച്ച കൂപ്പൺ നൽകുകയും ചെയ്യുന്നു. പ്രസ്തുത കൂപ്പണിന്റെ വിവരങ്ങൾ രജിസ്റ്ററിൽ രേഖപ്പെടുത്തി സൂക്ഷിക്കുന്നു. ഇത്തരത്തിൽ നൽകുന്ന കൂപ്പണുകൾ ഏഴ് ദിവസം വരെ കാലാവധി ഉള്ളതും ആയത് കുടിവെള്ളം ടാങ്കറിൽ ശേഖരിക്കാൻ വരുന്ന സമയത്ത് വെൻഡിങ് പോയിന്റിലെ ലോഗ്ബുക്കിൽ രേഖപ്പെടുത്തി വിതരണ തീയതി, സീൽ എന്നിവ പതിച്ച്, കൂപ്പണിന്റെ നാല് ഭാഗങ്ങളിൽ ഒറിജിനലും, കൈപ്പറ്റ് രസീതും ഉപഭോക്താവിനു നൽകുകയും ഡ്യൂപ്ലിക്കേറ്റ്, ട്രിപ്ലിക്കേറ്റ് കോപ്പി വെന്റിങ് പോയിന്റിൽ സൂക്ഷിക്കുകയും ചെയ്യുന്നു. ഇത്തരത്തിലാണ് ഗ്രാമപ്രദേശങ്ങളിൽ കുടിവെള്ളം ടാങ്കർ ലോറി മുഖാന്തരം നല്കി വരുന്നത്. |

സെക്ഷൻ ഓഫീസർ

**അനുബന്ധം 1**

**തിരുവനന്തപുരം ജില്ല**

നെയ്യാറ്റിൻകര ഡിവിഷന്റെ പരിധിയിൽ തിരുവനന്തപുരം 3 എണ്ണം

1. കുന്നത്തുകാൽ പഞ്ചായത്തിലെ പഴമല പമ്പ്ഹൗസ്സ്

2. കാളിപ്പാറ പദ്ധതിയിലെ പമ്പ്ഹൗസ്സ്

3. കാഞ്ഞിരംകുളം പദ്ധതിയിലെ തിരുപുറം, കുമിളി പമ്പ്ഹൗസുകൾ.

**കൊല്ലം ജില്ല –ഇല്ല**

**പത്തനംതിട്ട ജില്ല – 9**

പമ്പുകളുടെ കാലപ്പഴക്കം കാരണം റാന്നി സബ് ഡിവിഷൻ പരിധിയിലുള്ള കൊല്ലമുള, അങ്ങാടി, വെച്ചൂച്ചിറ, അയിത്തല എന്നീ ജലവിതരണപദ്ധതികളുടെ ചില ഭാഗങ്ങളിലും പത്തനംതിട്ട സബ് ഡിവിഷൻ പരിധിയിലുള്ള മലയാലപ്പുഴ,കോന്നി, താഴം, തണ്ണിത്തോട്, ഏനാദിമംഗലത്തിന്റെ ഉയർന്ന പ്രദേശങ്ങൾ എന്നിവിടങ്ങളിൽ ഭാഗികമായി ജലവിതരണം മുടങ്ങാറുണ്ട്.

**കോട്ടയം ജില്ല– ഇല്ല**

**ആലപ്പുഴ ജില്ല**

വാട്ടർ അതോറിറ്റിയുടെ പമ്പുകൾ മറ്റ അനുബന്ധ സാമഗ്രികൾ എന്നിവയുടെ കാലപ്പഴക്കം കാരണം ആലപ്പുഴ സർക്കിൾ കാര്യാലയത്തിന്റെ കീഴിൽ പ്രവർത്തിക്കുന്ന വാട്ടർ സപ്ലൈ പ്രൊജക്റ്റ് സബ്ഡിവിഷൻ ഹരിപ്പാടിന്റെ അധികാരപരിധിയിൽ ശുദ്ധ ജല വിതരണം തുടർച്ചയായി മുടങ്ങുന്ന കുഴൽ കിണറുകളും പഞ്ചായത്തുകളുടെയും വിശദംശങ്ങൾ ചുവടെ ചേർക്കുന്നു.

1.തറയിൽ കടവ്വല്ലാനിക്കൽ,കനകക്കുന്നേഴ് – ആറാട്ടുപുഴ പഞ്ചാ യത്തിലെ വിവിധ പ്രദേശങ്ങൾ

2. സൂര്യകുളം സി.എച്ച് .സി . മുതുകുളം പഞ്ചായത്തിലെ വിവിധ പ്രദദേശങ്ങൾ

3. ദേവികുളങ്ങര പുതുപ്പള്ളി , വടക്കേ ആഞ്ഞിലിമൂട് ദേവി കുളങ്ങര പഞ്ചായത്തിലെ വിവിധ പ്രദേശങ്ങൾ

4. തൃക്കുന്നപ്പുഴ ഗ്രാമപഞ്ചായത്ത് പരിയാരം വാർഡ് 8 , എസ് എൻ നഗർ വാർഡ് 6. പല്ലന എച്ച്എ വാർഡ് 16 ബീച്ച്റോഡ് വാർഡ് 11

5. കുമാരപുരം ഗ്രാമപഞ്ചായത്ത് – കാട്ടിൽ മാർക്കറ്റ് വാർഡ് 1

6.ചെറുതന ഗ്രാമപഞ്ചായത്ത് പ്ലേഗ്രൗണ്ട് വാർഡ് 13.

7. പള്ളിപ്പാട് ഗ്രാമപഞ്ചായത്ത് പൊയ്യക്കര പ്രദേശം

8. ചേപ്പാട് ഗ്രാമപഞ്ചായത്ത് – ഏവൂർ പ്രദേശം കൂടാതെ കാലപ്പഴക്കം ചെന്ന AC പൈപ്പുകൾ പൊട്ടുന്നതു മൂലം കായംകുളം മുനിസിപ്പാലിറ്റിയിൽ അടിക്കടി ജല വിതരണം മുടങ്ങുന്നുണ്ട്.

**ഇടുക്കി ജില്ല**

ഇടുക്കി ജില്ലയിൽ അറക്കുളം, കുടയത്തൂർ, പുത്തേടം, കുവപ്പള്ളി, മ്രാല, പുത്തൻപള്ളി, വടക്കുമുറി, പെരുംമ്പിള്ളിച്ചിറ, ഏഴല്ലൂർ എന്നിവയാണ് ഹോട്ട്സ്പോട്ടുകൾ എറണാകുളം ജില്ലയിൽ പിറവം, കോതമംഗലം, മുവാറ്റുപുഴ നിയോജകമണ്ഡലങ്ങളിൽ സ്ഥിരമായി ജലവിതരണം മുടങ്ങുന്ന ഹോട്ട്സ്പോട്ടുകൾ ഇല്ല.

**<u>തൃശ്ശൂർ ജില്ല</u>**

നാട്ടിക ഫിർക്ക കുടിവെള്ള പദ്ധതിയുടെ ഭാഗമായിട്ടുള്ള പൈപ്പ് ലൈനുകളിൽ കാലപ്പഴക്കം മൂലം തുടർച്ചയായി ലീക്കുകൾ ഉണ്ടാകാറുണ്ട്.

**<u>എറണാകുളം ജില്ല</u>**

അയ്യമ്പുഴ, കറുകുറ്റി പഞ്ചായത്തുകളിലും അങ്കമാലി മുനിസിപ്പാലിറ്റിയിലെ പീച്ചാനിക്കാട്, ജോസ് പുരം എന്നി ഭാഗങ്ങളിലെ ഉയർന്ന പ്രദേശങ്ങളിലും ഹോട്ട് സ്പോട്ടുകൾ ഉണ്ട്. കൂടാതെ ചൂണ്ടി സബ് ഡിവിഷൻ കീഴിൽ വരുന്ന പമ്പ് ഹസുകളിലെ പമ്പിന്റെ കാലപ്പഴക്കം മൂലം നിരന്തരം കേട്ടുപാടുകൾ സംഭവിക്കുകയും അത് മൂലം തൃപ്പൂണിത്തുറ മുനിസിപ്പാലിറ്റിയിൽ കുടിവെള്ളം മുടങ്ങുന്ന അവസ്ഥയും ഉണ്ടാവാറുണ്ട്. നിലവിൽ ഇത് O&M ൽ ഉൾപ്പെടുത്തി പരിഹരിച്ചിട്ടുണ്ട്.

**<u>മലപ്പുറം ജില്ല</u>**

മലപ്പുറം ജില്ലയിൽ പൊന്നാനി സബ് ഡിവിഷനിലെ ചമ്രവട്ടം ജംഗ്ഷന്, തൃക്കാവ് ഐശ്വര്യ തിയ്യറ്റർ (ബിയ്യം) കുണ്ടുകടവ് പാലം പരിസരം, വളയകുളം പ്രദേശങ്ങളിലും കുടിവെള്ളം മുടങ്ങുന്ന ഹോട്ട്സ്പോട്ടുകൾ ഉണ്ട്. മറ്റ് ജില്ലകളിൽ ഇത്തരം ഹോട്ട് സ്പോട്ടുകൾ ഇല്ല.

**അനുബന്ധം 2**

**തിരുവനന്തപുരം ജില്ല**

അമ്പൂരി, നെല്ലിക്കാമല, മൈലപൊറ്റ തേക്കുപാറ, ആനക്കുഴിശൂരവൻകാണി, വേളാർകുന്ന്, കിഴക്കൻമല, കുരിശുമല.

**കൊല്ലം ജില്ല- ഇല്ല**

**പത്തനംതിട്ടജില്ല**

തിരുവല്ല ഡിവിഷന്റെ കീഴിൽ ഇത്തരത്തിൽ ജലദൗർലഭ്യം പത്തനംതിട്ട ജില്ലയിലെ ആനിക്കാട്, കോട്ടാങ്ങൽ പഞ്ചായത്തുകളിൽ ഉണ്ട് .

പത്തനംതിട്ട ഡിവിഷന്റെ കീഴിൽ ഇത്തരത്തിൽ ജലദൗർലഭ്യം
നേരിടുന്നവ താഴെ പറയുന്നു.

1. മലയാലപ്പുഴ

2. കോന്നി താഴം

3 തണ്ണിത്തോട്

4. ഏനാദിമംഗലത്തിന്റെ ഉയർന്ന പ്രദേശങ്ങൾ

2. ഭൂതക്കുഴി

6 മൈലപ്ര

7. എഴിപ്പുര

8 മേപ്പുപറത്തുമുരുപ്പ്

9. കൊല്ലമുള

10. അങ്ങാടി

11. വെച്ചൂച്ചിറ

12 അയിത്തല

**കോട്ടയം ജില്ല-ഇല്ല**

**ആലപ്പുഴ ജില്ല**

ആലപ്പുഴ സർക്കിളിന്റെ കീഴിൽ പ്രവർത്തിക്കുന്ന വാട്ടർ സപ്ലൈ പ്രോജക്റ്റ് സബ് ഡിവിഷൻ ഹരിപ്പാടിന്റെ അധികാര പരിധിയിൽ ജല ദൗർലഭ്യം നേരിടുന്ന സ്ഥലങ്ങൾ ചുവടെ ചേർക്കുന്നു

1.തൃക്കുന്നപ്പുഴ ഗ്രാമപഞ്ചായത്ത് പതിയാങ്കര വാർഡ് എസ് എൻ നഗർ, പല്ലന എച്ച്എസ് വാർഡ് വലിയപറമ്പ്

2. കുമാരപുരം ഗ്രാമപഞ്ചായത്ത് – കാട്ടിൽ മാർക്കറ്റ് പഴയ ചിറ

3. ചെറുതന ഗ്രാമപഞ്ചായത്ത് ആനാരി

4. പള്ളിപ്പാട് ഗ്രാമപഞ്ചായത്ത് 28 ൽ കടവ് കരിപ്പുഴ

5. ചേപ്പാട് ഗ്രാമപഞ്ചായത്ത് ഏവൂർ, വെട്ടികുളങ്ങര

6 ആറാട്ടുപുഴ ദേവികുളങ്ങര , മുതുകുളം എന്നീ പഞ്ചായത്തുകളിലെ വിവിധ പ്രദേശങ്ങൾ

**ഇടുക്കി ജില്ല**

അറക്കുളം കുടയത്തൂർ, പൂത്തേടം, കുവപ്പള്ളി, മുാല, പുത്തൻപള്ളി, വടക്കുമുറി, പെരുംമ്പിള്ളിച്ചിറ, ഏഴല്ലൂർ എന്നിവയാണ് ഇടുക്കി ജില്ലയിലുള്ള ഹോട്ട്സ്പോട്ടുകൾ.